(2) എക്സൈസ് തീരുവയുടെ ശിഷ്ട വരുമാനത്തിന്റെ 52% ഉം

(3) അധിക എക്സൈസ് തീരുവയുടെ ശിഷ്ട വരുമാനത്തിന്റെ 97.8% ഉം. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കുന്നതാണ്.

(ബി) ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

(സി) അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാകുകയുള്ളു.

(ഡി) പൊരുത്തപ്പെടുന്നില്ല.

(ഇ) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര സഹായം കുറയാൻ സാധ്യതയുണ്ട്.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി

2 (268)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 5.6.2000 ൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി റിസർവ് ബാങ്കിന്റെ കണക്ക് അനുസരിച്ച് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ഓവർഡ്രാഫ്റ്റ് എടുക്കേണ്ടി വന്നിട്ടുണ്ടോ;

(സി) എങ്കിൽ എത്ര പ്രാവശ്യം എത്ര രൂപയെന്ന് വ്യക്തമാക്കുമോ;

(ഡി) വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് സംസ്ഥാന ഗവണ്മെന്റ് ഈ സാമ്പത്തിക വർഷം എത്ര പ്രാവശ്യം എത്ര രൂപ വീതം എടുത്തു എന്ന് വ്യക്തമാക്കുമോ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് സമാഹരിച്ച തുകയിൽ എത്ര രൂപ ഈ ആവശ്യത്തിനുവേണ്ടി ഇതിനോടകം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്;

(ജി) ട്രഷറിയിൽ ആണെങ്കിൽ ഈ തുകകൂടി കണക്കിലെടുത്താണോ സംസ്ഥാനത്തിന്റെ സാമ്പത്തിക നില കണക്കാക്കുന്നത്?

ഉത്തരം

(എ) 5.6.2000 ൽ 155.85 കോടി രൂപ വെയ്സ് ആന്റ് മീൻസ് അഡ്വാൻസിലും 6.76 കോടി രൂപ ഓവർ ഡ്രാഫ്റ്റിലുമാണ്.

(ബി) ഉണ്ട്.

(സി) ആറ് പ്രാവശ്യം മൊത്തം 630.73 കോടി രൂപ.

(ഡി) 19 പ്രവശ്യം. ഇതുവരെ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി† കൊടുത്തിരിക്കുന്നു.

(ഇ) തുക ചെലവഴിച്ചിട്ടില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജില്ലാട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നു.

(ജി) അതെ.

പശ്ചാത്തല വികസന ആക്ടനുസരിച്ച് സംഭരിച്ച തുക

2 (268)ശ്രീ. കെ.സുധാകരൻ :

ശ്രീ. ഇ.എം.അഗസ്തി :

ശ്രീ. ജോർജ്ജ് ഇ മാത്യു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പശ്ചാത്തല വികസന ആക്ടനുസരിച്ച് എന്തു തുക സംസ്ഥാനം ഇതുവരെ സംഭരിച്ചു;

(ബി) ഇപ്രകാരം സംഭരിച്ച തുകയ്ക്ക് എത്ര ശതമാനം പലിശ നൽകണം;

(സി) ഈ തുക തിരിച്ചു നൽകേണ്ടതെന്നാണ്;

(ഡി) ഈയിനത്തിൽ സംസ്ഥാനം സംഭരിച്ച തുകയിൽ ഇതുവരെ എന്തു തുക പശ്ചാത്തല വികസന പദ്ധതികൾക്കുവേണ്ടി നൽകി;

(ഇ) ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതം നൽകി;

(എഫ്) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ജി) ഈ ഏജൻസികൾക്ക് എത്ര ശതമാനം പലിശയ്ക്കാണ് ഈ തുക നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധിയിലേക്ക് ഇതു വരെ 507.06 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) 13.25% അർദ്ധ വാർഷിക പലിശ നൽകണം.

(സി) 7 വർഷത്തിനുശേഷം തിരിച്ചു നൽകണം.

(ഡി) ഇതുവരെ തുകയൊന്നും നൽകിയിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷാ ഫോം നൽകിയിട്ടുണ്ട്. അവ ലഭിച്ചശേഷമേ മേൽ നടപടികൾ തുടങ്ങാൻ സാധിക്കുകയുള്ളു.

(ഇ)-(ജി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

അടിസ്ഥാന സൗകര്യ വികസന ഫണ്ട്

4(270)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമ നിർമ്മാണത്തിലൂടെ സംസ്ഥാന ഗവണ്മെന്റ് എത്ര രൂപ സമാഹരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ടിൽനിന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly